പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *534 — 04.07.2013 ന് മറുപടിയ്ക്ക്.

## വിദഗ്ധ തൊഴിലാളികളുടെ കുറവ് പരിഹരിക്കാൻ പരിശീലന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) വിദഗ്ധ തൊഴിലാളികളുടെ ആവശ്യകത വർഷംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യാനുസരണം തൊഴിൽ പരിശീലനം നേടിയ അഭ്യസ്ഥവിദ്യരെ സജ്ജമാക്കാൻ നമുക്ക് സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ ന്യൂനത പരിഹരിക്കാൻ എന്തൊക്കെ തൊഴിൽ പരിശീലന സംവിധാനങ്ങളാണ് പുതുതായി ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ഈ ന്യൂനത പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളികൾക്കും പ്രൊഫഷണലുകൾക്കും വിദഗ്ധ തൊഴിൽ പരിശീലനങ്ങൾ നൽകി പ്രത്യേക വൈദഗ്ധ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും വാർത്തെടുത്ത് ആവശ്യാനുസരണം സംഭാവന ചെയ്യുക എന്ന ലക്ഷ്യത്തിനുവേണ്ടി പൂർണ്ണമായും സർക്കാർ ഉടമയിലുള്ള സെക്ഷൻ 25 കമ്പനി ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് രൂപീകരിച്ചിട്ടുണ്ട്.<br>Construction, Gems and Jewelers, Automobiles, Nursing, Security Service എന്നീ മേഖലകളിൽ വിദഗ്ധ തൊഴിൽ പരിശീലനങ്ങൾ നൽകി വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് ആവശ്യാനുസരണം സംഭാവന ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (സി) നിലവിലെ പരിശീലന പരിപാടികളിൽ കാലാനുസൃത മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (സി) ഉദ്ദേശിക്കുന്നു. സംസ്ഥാനത്തുള്ള എല്ലാ District Employment Exchange കളെയും convert ചെയ്ത് Employability Centre ആക്കി മാറ്റുക എന്നതാണ് ഉദ്ദേശം. ഇതിന്റെ മുന്നോടിയായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ Employability Centres പ്രവർത്തനം ആരംഭിച്ചു. കൂടാതെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് തൊഴിൽ പരിശീലന പരിപാടികളിൽ കാലാനുസൃതമായ മാറ്റം വരുത്തി തൊഴിൽ മേഖലകളിൽ മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ